കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/ബിപി.225/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.10.03.17

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്-2014-15,2015-16 സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-9 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബിപി.225/2017 തീയതി: 10.03.2017

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.12.2014 മുതൽ 31.01.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ആർ.അശോകൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.02.2017 മുതൽ 18.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | രാജീവ് ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ജ്യോതിമോൻ സി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | സി.പി വിനോദ്കുമാർ | 1.04.2014 മുതൽ 31.10.2015 വരെ |
| ,, | | (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | (01.11.15 to 18.11.15) |
| ,, | | നിർമ്മല ശെൽവരാജ് | 19.11.2015 മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ | | സബീന. വി | 01.04.2014 മുതൽ 31.10.2015 വരെ |
| | | പി.ജി മുരളീധരൻ | 19.11.2015 മുതൽ 31.03.2016 വരെ |
| വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ | | ടി.എ അബ്ദുൾഷുക്കൂർ | 01.04.2014 മുതൽ 31.10.2015 വരെ |
| | | ഉഷ രാജഗോപാൽ | 19.11.2015 മുതൽ 31.03.2016 വരെ |
| ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ | | സനൽ.എസ്. രാജ് | 01.04.2014 മുതൽ 31.10.2015 വരെ |
| | | മേഘ വേണു | 19.11.2015 മുതൽ 31.03.2016 വരെ |
| ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ | | സോന ജയദേവൻ | 01.04.2014 മുതൽ 31.10.2015 വരെ |
| | | എബ്രഹാം ജോർജ്ജ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | കെഎസ്.ദിനേശൻ | 01.04.14 മുതൽ 30.06.14 വരെ |
| | | ശ്രീദേവി കെ. നമ്പൂതിരി | 01.07.14 മുതൽ 15.02.16 വരെ |
| | | സനിൽകുമാർ. കെ.എസ് | 16.02.2016 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | | പ്രസിമോൻ | 01.04.14 മുതൽ 03.11.14 വരെ |
| | | വി.രാജേഷ് | 04.11.14 മുതൽ 31.12.15വരെ |
| | | എ.രാകേഷ് | 01.01.16 മുതൽ 31.03.16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | പ്രവീണ .ജി | 01.04.14മുതൽ 31.13.16വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ആശ അലക്സ് | 01.04.14മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | സുരേഷ് കുമാർഎസ് | 01.04.14 മുതൽ 05.05.14വരെ<br>31.07.14മുതൽ 30.10.14വരെ |
| | | ദിനേശൻ | 06.05.14 മുതൽ 30.07.14 വരെ |
| | | സ്വീറ്റ ഫ്രാൻസിസ് | 31.10.2014 മുതൽ 03.12.14 വരെ |
| | | സുരേഷ്. എസ് | 03.12.14 മുതൽ<br>17.06.15 വരെ |
| | | അനിൽകുമാർ.എൻ.എൻ | 18.06.15 മുതൽ 31.01.16 വരെ |
| | | ജിനേഷ് കെ.ബി | 01.02.16 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | | ഡോ. ഇ.കെ.രാമചന്ദ്രൻ | 01.4.2014 മുതൽ 03.5.2015 വരെ |
| „ | | ഡോ.വരുൺ | 4.5.2015 മുതൽ 21.5.2015 വരെ |

| | | | |
|---|---|---|---|
| ,, | | ഡോ. ജോർജ്ജ് കെ.എ | 22.5.15 മുതൽ 31.3.16 വരെ |
| ശിശുവികസന പദ്ധതിഓഫീസർ | | ആർ.രജതമ്മ | 01.04.14 മുതൽ 31.03.16 വരെ |
| വ്യവസായ വികസന ഓഫീസർ | | സുധാമണി സി | 01.04.14 മുതൽ 31.03.16വരെ |

ഉള്ളടക്കം:-

| | | |
|---|---|---|
| ഭാഗം 1 | | |
| 1 | 1-1മുതൽ 1-9 വരെ | പൊതുഅവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | തനതു വരുമാനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നില്ല |
| ഭാഗം 3 | | |
| 3 | 3-1 | മുച്ചക്രവാഹന വിതരണം- അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി |
| 4 | 3-2 | പൈപ്പ് ലൈൻ നീട്ടൽ; പദ്ധതി നടപ്പാക്കിയില്ല; 2.01 ലക്ഷം വാട്ടർ അതോറിറ്റിയിൽ |
| 5 | 3-3 | സ്കോളർഷിപ്പ് വിതരണം-വിനിയോഗവിവരങ്ങൾ-ലഭ്യമാക്കിയില്ല |
| 6 | 3-4 | പദ്ധതി നടപ്പാക്കാതെ അനുബന്ധച്ചെലവ് മാത്രം |
| 7 | 3-5 | തനതുഫണ്ട് ചെലവുകളിലെ അപാകങ്ങൾ |
| 8 | 3-6 | രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തടസ്സപ്പെടുത്തുന്നു |
| 9 | 3-7 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല |
| 10 | 3-8 | ടാറിംഗ് വേലകൾ- കാലി വീപ്പയുടെ വില ഈടാക്കിയില്ല |
| 11 | 3-9 | ഡ്രെയിനേജ്- സ്ലാബിന് ആവശ്യത്തിലധികം റീ ഇൻഫോഴ്സ്മെന്റ് ഉപയോഗിച്ചു |
| 12 | 3-10 | നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയിട്ടില്ല |
| ഭാഗം 4 | | |
| 13 | 4-1മുതൽ 4-9 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 ബജറ്റ് 25.02.2014 തീയതിയിലെ 1- തീരുമാനപ്രകാരവും 2015-16 ബജറ്റ് 19.3.2015 തീയതിയിലെ 1-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2014-15 | 20,86,92,500/- | 20,42,96,000/- |
| 2015-16 | 10,54,99,464/- | 9,98,12,500/- |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.15 | 13.07.15 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 27659630 | 29741045 |
| വരവ് | 98722750 | 105357882 |
| ആകെ | 126382380 | 135098927 |
| ചെലവ് | 96641335 | 87424504 |
| നീക്കിയിരിപ്പ് | 29741045 | 47674423 |

1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 00 | 17663000 | 17663000 | 13993061 | 3669939 | 79.22 |
| വികസനഫണ്ട് എസ്.സി.പി. | 00 | 6537000 | 6537000 | 5159715 | 1377285 | 79 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 219000 | 219000 | 219000 | 00 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 00 | 2487000 | 2487000 | 2263156 | 223844 | 91 |
| ആകെ | 00 | 26906000 | 26906000 | 21634932 | 5271068 | |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3669939 | 18163000 | 21832939 | 21832939 | 00 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1377285 | 6537000 | 7914285 | 7914285 | 00 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 219000 | 219000 | 219000 | 00 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 223844 | 2173728 | 2397572 | 2397572 | 00 | 100 |
| ആകെ | 5271068 | 27092728 | 32363796 | 32363796 | 00 | |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 41 | 10950064 | 33 | 6866330 | 0 | 8 | 80.49 |
| 2015-16 | 49 | 65910871 | 44 | 40584321 | 2 | 3 | 89.80 |

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം19.45% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| മറ്റുവരവുകൾ (2015-16) | 153335 | 123509 | 29826 | (-)19.45 |
| ആകെ | 153335 | 123509 | 29826 | (-)19.45 |

1-8 ആഭ്യന്തരനിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഉത്പാദന, അടിസ്ഥാന സൗകര്യവികസന മേഖലകളുടെ വളർച്ച, വികസനം എന്നിവക്ക് മുൻഗണന നൽകി പ്രവർത്തിക്കേണ്ടതാണ് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ 3 പദ്ധതികളും മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ രണ്ടു വർഷങ്ങളിലും രണ്ടുവീതം പദ്ധതികളുമാണ് നടപ്പാക്കിയിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും എണ്ണത്തിൽ കുറവാണ്. പദ്ധതി നിർവ്വഹണത്തിൽ ഉൽപ്പാദനമേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുവാനും അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്ത ചെലവുകൾക്ക് നിയന്ത്രണമേർപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2016-15.12.2016 | 2015-16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.14– 24.02.14 | 2008-09 - 2012-13 | 19.04.2014 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനതു വരുമാനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നില്ല

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും ആസ്തികളിൽ നിന്നുള്ള വരുമാനം ഉൾപ്പെടുത്തിയതായി കാണുന്നില്ല. രസീറ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം അരൂക്കുറ്റി പി.എച്ച്.സി യിൽ നിന്നും വൃക്ഷങ്ങളുടെ മേലാദായം ലേലം ചെയ്ത് ലഭിച്ച തുക മാത്രമാണ് ഈ കാലയളവിൽ വരവുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിലേയും, വിട്ടു കിട്ടിയ സി.എച്ച്.സികളും പി.എച്ച്.സികളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയും മേലാദായം ലേലം ചെയ്തത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ സ്വാശ്രയ സംഘത്തിൽ നിന്നും (മരതകം) കെട്ടിട വാടകയിനത്തിൽ തുകയൊന്നും വരവില്ല. ഈ കെട്ടിടത്തിൽ നിന്നും വാടക ഈടാക്കുന്നത് സംബന്ധിച്ച് സ്ഥാപനവും ബ്ലോക്ക് പഞ്ചായത്തും തമ്മിലുള്ള കരാറിനെ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. ലഭ്യമായ തനത് വരുമാനസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുച്ചക്രവാഹന വിതരണം- അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്ട് നം -S0015/16
(ബിൽ നം-01/2015-16 Rs.340000/- c/o 16.03.2016, DDNo- 503625 dt 30/06/2016 for RS.340000/)

2015-16 -ൽ സി.ഡി.പി.ഒ നടപ്പിലാക്കിയ മുച്ചക്രവാഹന വിതരണത്തിന് (പ്രോജക്ട് നം -S0015/16) വികസനഫണ്ടിൽ നിന്നും 3,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ 5 പഞ്ചായത്തുകളിൽ നിന്നും ഓരോ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ബ്ലോക്ക് പഞ്ചായത്ത് വഴി നടത്തുന്ന പദ്ധതികളിലെ ഗുണഭോക്താക്കളെ ഗ്രാമസഭകളാണ് തെരഞ്ഞെടുക്കേണ്ടത്. ഈ പദ്ധതിക്കായി തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് (24 പേർ), അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് (17 പേർ), ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് (28 പേർ), പെരുമ്പളം ഗ്രാമപഞ്ചായത്ത് (2പേർ) എന്നിവർ വീതമടങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റാണ് നൽകിയത്. പാണാവള്ളി പഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല. ഈ ലിസ്റ്റിൽ നിന്നും ഓരോ പഞ്ചായത്തിനുമുള്ള ഓരോ ഗുണഭോക്താക്കളെ എങ്ങനെയാണ് തിരഞ്ഞെടുത്തത് എന്ന വിവരമില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദീകരിക്കപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾക്ക് നിരത്തിൽ വാഹനം ഓടിക്കുന്നതിനുള്ള നിയമപരമായ യോഗ്യതയുണ്ടോ (ലൈസൻസ്) എന്നുറപ്പാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ആനുകൂല്യവിതരണം നടത്തിയത്. ആനുകൂല്യം ലഭിച്ച 5പേരിൽ ഒരാളുടെ ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ് മാത്രമാണ് പദ്ധതി രേഖകൾക്കൊപ്പമുള്ളത്. ആനുകൂല്യം നല്കിയ 3ഗുണഭോക്താക്കളെ നേരിൽ കണ്ടതിൽ ഇതിൽ 2 പേർക്കും നിലവിലും ലൈസൻസോ ലേണേഴ്സ് ലൈസൻസോ ഇല്ലായെന്നും അതിനായി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ലായെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. മറ്റൊരാൾ ആനുകൂല്യം ലഭിച്ചതിന് ശേഷം മാത്രമാണ് ലൈസൻസിന് അപേക്ഷിക്കുകയും ലൈസൻസ് നേടുകയും ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച എൻക്വയറി നൽകുകയും രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും മറ്റ് രണ്ടുപേർ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. നിയമപരമായ യോഗ്യതയില്ലാത്തവരെ തിരഞ്ഞെടുത്ത് ആനുകൂല്യം നൽകിയത് അംഗീകരിക്കത്തക്കതല്ല. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, യോഗ്യത എന്നിവ സംബന്ധിച്ച

വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 3,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പൈപ്പ് ലൈൻ നീട്ടൽ; പദ്ധതി നടപ്പാക്കിയില്ല;2.01 ലക്ഷം വാട്ടർ അതോറിറ്റിയിൽ

(ബിൽ നം-08/2015-16 Rs.201000/- c/o 22.07.2015 &DD No- 662773 dt 22.07.15)

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2015-16 – ൽ നടപ്പിലാക്കിയ തൈക്കാട്ടുശ്ശേരി പുത്തൻചിറ എസ്.സി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്ക് എസ്.സി.പി ഫണ്ട് 2,01,000രൂപ മുൻകൂറായി 22.07.15ൽ കേരളാ വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക നല്കുന്നതിന് മുമ്പ് ബ്ലോക്ക് പഞ്ചായത്തും വാട്ടർ അതോറിട്ടിയും കരാറിൽ ഏർപ്പെടുകയോ നാളിതുവരെയായി വാട്ടർ അതോറിട്ടി പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി നടപ്പിലാക്കേണ്ട സ്ഥലത്ത് നബാർഡിന്റെ പൈപ്പ് ലൈൻ വന്നിട്ടുള്ളതായും ആയതിനാൽ പദ്ധതി നടപ്പാക്കാവുന്ന പുതിയ സ്ഥലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുവാനും വാട്ടർ അതോറിട്ടി 20.12.2016ൽ കത്ത് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്ത സ്ഥലത്ത് പട്ടികജാതി വിഭാഗത്തിലുള്ളവർ ഗുണഭോക്താക്കളായി വരുന്നില്ലായെന്നും അതിനാൽ എസ്.സി.പി ഫണ്ട് ചെലവഴിക്കാ നാകില്ലെന്നും പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശരിയായ മുന്നൊരുക്കവും പ്രായോഗികതാ പഠനവും നടത്താതെ പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് എഗ്രിമെന്റ് പോലുമില്ലാതെ വാട്ടർ അതോറിറ്റിക്ക് നൽകിയെന്നും വ്യക്തമാണ്. വികസനഫണ്ട് ഒന്നരവർഷത്തിലധികമായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കാനിടയായത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായതിനാൽ പദ്ധതിക്ക് പിൻവലിച്ച 2,01,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നും തുക പലിശയുൾപ്പെടെ തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 സ്കോളർഷിപ്പ് വിതരണം-വിനിയോഗവിവരങ്ങൾ-ലഭ്യമാക്കിയില്ല

ബിൽ നം-01/2014-15 Rs.500000/- c/o 16.02.2015,ബിൽ നം-02/2015 -16 Rs.600000/- c/o 30.03.2016

2014-15-ലും 2015-16-ലും സി.ഡി.പി.ഒ നടപ്പിലാക്കിയ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് വിതരണ (പ്രോജക്ട് നം -S0011/15 & S0007/16) ത്തിന് വികസനഫണ്ടിൽ നിന്നും യഥാക്രമം 5,00,000/-, 6,00,000രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ 5 പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് 2014-15ൽ പിൻവലിച്ച 5,00,000/-രൂപ വിവിധ പഞ്ചായത്തുകൾക്കുള്ള വിഹിതമായി ഡി.ഡി യാക്കിയതായി രേഖയുണ്ടെങ്കിലും പഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീതികൾ, തുകയുടെ വിനിയോഗ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. അതേപോലെ 2015-16ൽ പിൻവലിച്ച 6,00,000രൂപയുടെ വിവിധ പഞ്ചായത്തുകൾക്കുള്ള വിഹിതത്തിനുള്ള ഡി.ഡി പഞ്ചായത്തുകളിൽ കൈപ്പറ്റിയതായി രേഖയുണ്ടെങ്കിലും തുകയുടെ വിനിയോഗ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. അവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പദ്ധതി നടപ്പാക്കാതെ അനുബന്ധച്ചെലവ് മാത്രം

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2015-16 – ൽ "അധികാരവികേന്ദ്രീകരണം പിന്നിട്ട 20 വർഷങ്ങൾ" എന്ന ഡോക്യുമെന്റേഷന് (പ്രോജക്ട് നം-59/16) പ്ലാൻ ഫണ്ടിൽ നിന്നും 25,000രൂപയും തനത്ഫണ്ടിൽ നിന്നും 85000രൂപയും ഉൾപ്പടെ 1,10,000രൂപയുടെ പദ്ധതി തയ്യാറാക്കി ഡി.പി.സി അംഗീകാരം നേടിയിരുന്നു. വികസന റിപ്പോർട്ടിനുള്ള പരിശീലനം കില നൽകുന്നതിനും തദ്ദേശസ്ഥാപനത്തിൽ രൂപീകരിക്കുന്ന ഡോക്യുമെന്റേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വികസന റിപ്പോർട്ട് സംസ്ഥാനമൊട്ടാകെ 2015 ആഗസ്റ്റ് 20നകം പ്രസിദ്ധീകരിക്കുവാനുമാണ് ലക്ഷ്യമിട്ടിരുന്നത്. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഈ പദ്ധതി ബ്ലോക്ക് ഓഫീസിൽ നടത്തിയ ഉദ്യോഗസ്ഥതല മീറ്റിംഗിനപ്പുറമുള്ള

നടപടികളിലെത്തിയില്ല. ഈ മീറ്റിംഗിലെ റിഫ്രഷ്മെന്റിന് ചെലവഴിച്ച 4400രൂപ മാത്രമാണ് പദ്ധതിയിൽ ചെലവുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ പാതിവഴിക്ക് അവസാനിക്കുന്നില്ല എന്നുറപ്പുവരുത്തുന്ന വിധമുള്ള മുന്നൊരുക്കങ്ങളും മോണിറ്ററിംഗ് സംവിധാനവും ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തനതുഫണ്ട് ചെലവുകളിലെ അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ തനത് ഫണ്ട് ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01. ബ്ലോക്ക് പഞ്ചായത്തിന്റെ കാർ (കെ.എൽ.32 സി-44) അപകടത്തെ തുടർന്ന് അറ്റകുറ്റപ്പണികൾക്ക് തനത് ഫണ്ടിൽ നിന്നും 50,845 രൂപ 19.06.14ൽ നിപ്പോൺ ടൊയോട്ടക്ക് നൽകിയിട്ടുണ്ട്. വാഹനത്തിന്റെ അപകട ഇൻഷുറൻസ് ക്ലെയിമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

02.ബ്ലോക്ക് പഞ്ചായത്തിലെ EPABX സംവിധാനത്തിന്റെ വാർഷിക അറ്റകുറ്റപ്പണി കരാർ പുതുക്കുന്നതിനായി Pee Yem Tele Systems എന്ന സ്ഥാപനത്തിന് 08.08.14 ലെ 1432408 നമ്പർ ചെക്ക് പ്രകാരം 5000 രൂപ നൽകിയിരുന്നു. എന്നാൽ AMC കാലയളവിൽ EPABX സംവിധാനത്തിന് സംഭവിച്ച തകരാറിന് അറ്റകുറ്റപ്പണികളുടെ മുഴുവൻ തുകയും (Rs.6926/- videഡി.ഡി നം. 438726 dt 16.10.16) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇടി മിന്നൽ മൂലമാണ് തകരാർ എന്ന് രേഖപ്പെടുത്തിയാണ് സ്ഥാപനം ബിൽ തുക ഈടാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലും സമീപത്തുമായി ഒന്നിലധികം മിന്നൽ രക്ഷാചാലകങ്ങൾ പ്രവർത്തിക്കുന്നതിനാൽ ഇടി മിന്നൽ മൂലമാണ് തകരാർ എന്ന വാദം ശരിയല്ല. AMC പുതുക്കുന്നതുമായി ബന്ധപ്പെട്ട കരാർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

03.ബ്ലോക്ക് പഞ്ചായത്തിലെ NREGS ജീവനക്കാരുടെ 2015ഡിസംബർ, 2016 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യങ്ങൾ നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ട്. ഈ തുക തനതുഫണ്ടിൽ തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

04.ബ്ലോക്ക് പഞ്ചായത്തിന്റെ കാർ (കെ.എൽ.32 സി-44) ഡ്രൈവറുടെ 2016 ഫെബ്രുവരി മാസത്തെ ശമ്പളം സർക്കാർ ഉത്തരവ് നം 28/2016/fin dtd 26.02.16 പ്രകാരം പുതുക്കി (പ്രതിദിനം 650 രൂപ നിരക്കിൽ) നൽകിയിട്ടുണ്ട് (ചെക്ക് നം-0273172 dtd 08.03.16 Rs.16900/-). ദിവസവേതന/കരാർ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിന് സർക്കാർ ഉത്തരവനുസരിച്ച് ഏപ്രിൽ 2016 മുതൽ മാത്രമാണ് പ്രാബല്യമുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക നൽകിയത് തിരികെ ഈടാക്കിവരുന്നതായി അറിയിച്ചിട്ടുണ്ട് തുക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

05.ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാരുടെ TDS റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി ശ്രീ.അനിൽകുമാർ എന്ന ടാക്സ് കൺസൾട്ടന്റിന് തനതുഫണ്ടിൽ നിന്നും തുക നൽകിവരുന്നുണ്ട്. 50 ഓളം ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ TDS റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി ഇത്തരം സേവനങ്ങൾ നിലവിൽ (2016-17) ഈടാക്കുന്നത് 560/- രൂപ മാത്രമായിരിക്കെ (അപ് ലോഡ് ഫീസുൾപ്പടെ) ഇതിന്റെ ഇരട്ടിയിലധികം തുകയാണ് 2014-15, 2015-16 വർഷങ്ങളിലെ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് ചെലവഴിച്ചത്. ഇത് സംബന്ധിച്ച് പരിശോധന നടത്തി അമിത ചെലവിന് നിയന്ത്രണമേർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

06.ബ്ലോക്ക് പഞ്ചായത്തിലെ 2014നവംബർ മാസത്തെ 09/14-15 വൗച്ചർ പ്രകാരം ഓഫീസാവശ്യത്തിനായി നാല് കോൺക്രീറ്റ് റിംഗുകൾ വാങ്ങിയതിന് ശ്രീ.സോമനാഥൻ,കൊച്ചുവെളി എന്നയാളിന് 3800രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ ഇവ സ്ഥാപിച്ചത് കണ്ടെത്താനായിട്ടില്ല. കാലപ്പഴക്കം മൂലം ഇവ നശിച്ചുവെന്നാണ് ബ്ലോക്ക് ഓഫീസിൽ നിന്നറിയിച്ചത്. പൊതുപണം ചെലവഴിച്ച് ആർജിക്കുന്ന ആസ്തികളുടെ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

07.ബ്ലോക്ക് പഞ്ചായത്തിലെ 2014, 2015 വർഷങ്ങളിലെ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം

ഓഫീസാവശ്യത്തിനായുള്ള വിവിധ സ്റ്റേഷനറി ഇനങ്ങളുൾപ്പടെയുള്ള സാധനങ്ങൾ എല്ലാ മാസവും പീസ് മീലായി വാങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സ്റ്റോർ പർച്ചേസ് മാന്വലിലെ വാങ്ങൽ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും ആവശ്യകതാനിർണ്ണയം നടത്തി ഒരുമിച്ച് വാങ്ങലുകൾ നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

പട്ടിക ജാതി വികസന ഓഫീസർ 2014-15- ൽ നടപ്പിലാക്കിയ പട്ടിക ജാതി വനിതകൾക്ക് ആരോഗ്യ പരിപാലനം (പ്രോജക്റ്റ് നം.7) എന്ന പദ്ധതിക്ക് മെഡിക്കൽ ക്യാമ്പ് നടത്തുകയും 431250/- രൂപ ചെലവഴിച്ച് ആയുർവേദ മരുന്നുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. (ബിൽ നം. 2/30.1.15) ഈ മരുന്നുകളുടെ കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ ഇവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ ടി ചെലവ് നടന്നിട്ടില്ല എന്ന അനുമാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-7 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുടെ നിർവ്വഹണത്തിനും കണ്ടിജന്റ് ചെലവുകൾ നടത്തുന്നതിനും ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് അനുവദിക്കുന്നുണ്ട്. ധനകാര്യവകുപ്പിന്റെ 04.10.2011 ലെ ജി.ഒ (പി) 419/2011/ധന ഉത്തരവനുസരിച്ച് കേരള ഫിനാൻഷ്യൽ കോഡിലെ 99-ാം അനുഛേദപ്രകാരം അനുവദിച്ചിട്ടുള്ള മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. ഫൈനൽ ബില്ലോ അഡ്ജസ്റ്റുമെന്റ് ബില്ലോ ഈ സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ലായെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ പലിശ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 2014-15, 2015-16 കാലയളവിൽ നടപ്പിലാക്കിയ പദ്ധതി-നിർവ്വഹണം , കേരളോത്സവം, ബജറ്റ്, ശുചിത്വം എന്നിവയിലെ ചെലവുകൾക്കായി നൽകിയ മുൻകൂറുകളിൽ ചിലത് മാത്രമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ ക്രമീകരിച്ചിട്ടുള്ളത്. അഡ്വാൻസ് നല്കുന്നത് സംബന്ധിച്ച വിവരങ്ങൾ, അഡ്വാൻസ് സമയ പരിധിക്കകം തീർപ്പാക്കുന്നത് നിരീക്ഷിക്കൽ എന്നിവക്കായി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻകൂറുകൾ യഥാസമയം തീർപ്പാക്കുന്നത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ടാറിംഗ് വേലകൾ- കാലി വീപ്പയുടെ വില ഈടാക്കിയില്ല

1. ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്-പുറക്കാടൻവെളി-ചൂളക്കടവ് റോഡ് മെറ്റലിംഗം ടാറിംഗം

പ്രോജക്ട്- 26/16, കരാറുകാരൻ- ശ്രീ.ജിനോയ് വർഗ്ഗീസ്

അളവ് പുസ്തകം- 33/15-16

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്-പുറക്കാടൻവെളി-ചൂളക്കടവ് റോഡ് മെറ്റലിംഗം ടാറിംഗം- വേലയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തക പ്രകാരം 170 മീറ്റർ നീളത്തിൽ വിവിധ വീതിയിൽ ആകെ 607ച.മീറ്റർ ഡബ്ല്യൂ.ബി.എം സർഫസ് ടാർ ചെയ്തിട്ടുണ്ട്. ആയതിന് 3.17kg/$m^2$ നിരക്കിൽ 12 ബാരൽ ടാർ ആവശ്യമാണ്. ഉപയോഗിച്ച ടാറിന് ഡി.എസ്.ആർ പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരൻ കാലി വീപ്പ തിരികെ ഏൽപ്പിക്കാത്തപക്ഷം വീപ്പയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ കാലി വീപ്പയ്ക്ക് 250 രൂപ നിരക്കിൽ (12x250) നഷ്ടമായ 3000 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 430964, ബിൽ നമ്പർ- 23/15-16/22.3.16 - 430964

2. പ്രോജക്ട്- 58/16

കരാറുകാരൻ- ശ്രീ.ആന്റണി ജോൺ

അളവ് പുസ്തകം- 32/15-16

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്-ആണ്ടിക്കവല-പഞ്ചായത്ത് ഓഫീസ് റോഡ് ടാറിംഗ്- വേലയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തക പ്രകാരം 10.11.12 ഇനങ്ങളിലായി 117.2 മീറ്റർ നീളത്തിൽ 3മീറ്റർ വീതിയിൽ ആകെ 355ച.മീറ്റർ ഡബ്ല്യൂ.ബി.എം സർഫസ് ടാർ ചെയ്തിട്ടുണ്ട്. ആയതിന് 3.17kg/$m^2$ നിരക്കിൽ 7 ബാരൽ ടാർ ആവശ്യമാണ്. ഉപയോഗിച്ച ടാറിന് ഡി.എസ്.ആർ പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരൻ കാലി വീപ്പ തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ വീപ്പയുടെ വില, 1750രൂപ, (7x250) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം. 472456, ബിൽ നമ്പർ- 27/15-16/31.3.16 - 472456

## 3-9 ഡ്രെയിനേജ്- സ്ലാബിന് ആവശ്യത്തിലധികം റീ ഇൻഫോഴ്സ്മെന്റ് ഉപയോഗിച്ചു

അറയ്ക്കൽ വേമ്പനാട് കായൽ റോഡിന് സമീപം കാന നിർമ്മാണം സംബന്ധിച്ച്.

പ്രോജക്ട്- 55/16

കരാറുകാരൻ- ശ്രീ.ആനന്ദപൈ, 6.01% കുറഞ്ഞ നിരക്ക്

അളവ് പുസ്തകം- 23/15-16

അറയ്ക്കൽ വേമ്പനാട് കായൽ റോഡിന് സമീപം കാന നിർമ്മാണം - വേലയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തക പ്രകാരം ആറാമിനമായി 1:1.5:3 അനുപാതത്തിൽ 20mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റ് കവറിംഗ് സ്ലാബ് താഴെ പറയുന്ന അളവിൽ (8.10$m^3$) നിർമ്മിച്ചിട്ടുണ്ട്.

കവറിംഗ് സ്ലാബ്- 136x0.80x0.60x0.12 =7.834

കൂടാതെ ഏഴാമിനമായി റീ ഇൻഫോഴ്സ്മെന്റ് താഴെ പറയുന്ന അളവിൽ ഉപയോഗിച്ചിട്ടുണ്ട്.

10mm മെയിൻ റോഡ്- 136x8x0.85 = 924.8m

10mm ഡിസ്ട്രിബ്യൂഷൻ- 136x6x0.65 = 530.4m

ആകെ 1455.2m

12 സെ.മീ. മാത്രം കനമുള്ള കവറിംഗ് സ്ലാബിന് 10mmഡയമീറ്ററുള്ള ക്രോസ് ബാറും മെയിൻ ബാറും ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡ് 456/2000 പ്രകാരം ട്രാൻസ് വേഴ്സ് റീ ഇൻഫോഴ്സ്മെന്റിന്റെ (ക്രോസ് ബാർ) മെയിൻ ബാറിന്റെ ഡയമീറ്ററിന്റെ 1/4ൽ കുറയുവാൻ പാടില്ല. അതായത് മെയിൻ ബാറിന്റേതിനേക്കാൾ കുറഞ്ഞ ഡയമീറ്ററിലുള്ളതായിരിക്കണം ക്രോസ് ബാറുകൾ. എന്നാൽ മേൽ പ്രവർത്തിയിൽ മെയിൻ ബാറും ക്രോസ് ബാറും ഒരേ ഡയമീറ്ററിലുള്ളവയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡ് അനുസരിച്ച് പ്രവർത്തി നടപ്പാക്കിയാൽ ആവശ്യമായി വരുന്ന സ്റ്റീലിന്റെ അളവും മൂല്യവും താഴെ ചേർക്കുന്നു.

10mm മെയിൻ റോഡ്- 136x8x0.85 = 924.8m

ക്രോസ് ബാർ- മെയിൻ ബാറിന്റെ ഡയമീറ്ററിന്റെ 1/4ൽ കുറയുവാൻ പാടില്ലയെന്നാണ്. സ്പെസിഫിക്കേഷൻ ആയതിനാൽ പരമാവധി മെയിൻ ബാറിന്റെ ഡയമീറ്ററിന്റെ 3/4ൽ കൂടാത്ത ഡയമീറ്ററിലുള്ള ക്രോസ് ബാർ

മതിയാകും. അതായത് 8mmസ്റ്റീൽ. ആവശ്യമായ 8mmസ്റ്റീൽ, 8mm ഡിസ്ട്രിബ്യൂഷൻ- 136x6x0.65 = 530.4m

ആകെ ചെലവാകുമായിരുന്ന തുക – 10mmസ്റ്റീൽ 924.8m @0.616 kg/m = 569.67kg x 99.23/kg =56528.00

8mmസ്റ്റീൽ- 530.4m @0.395kg/m = 209.5kg x 99.23 = 20789

ആകെ 77317.00 രൂപ.

ഈയിനത്തിന് ചെലവഴിച്ച തുക- 1455.2mx 0.616 kg/m = 896.4kg x 99.23/kg = 88950.00

അധികം ചെലവഴിച്ച തുക 88950 – 77317 =11633 രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആകെ മൂല്യം - 469135

ബിൽ നമ്പർ 22/15-16/22.3.16

## 3-10 നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയിട്ടില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 ഉത്തരവ് പ്രകാരം 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2116-1.1 പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവർത്തികൾക്ക് പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തി കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1)ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് അറ്റകുറ്റപ്പണിയും കാർ ഷെഡ് നിർമ്മാണവും.

പ്രോജക്ട് നം. - 147/15

കരാറുകാരൻ -ഗോപാലകൃഷ്ണൻ

18.12.2013ൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഏർപ്പെട്ട കരാർ പ്രകാരം ഈ വേല ഗ്രേസ് പിരീഡ് ഉൾപ്പെടെ 17.4.2014ൽ പൂർത്തിയാക്കേണ്ടതായിരുന്നു. (പൂർത്തീകരണ കാലയളവ് 5 മാസം) എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത് 30.8.2014ൽ മാത്രമാണ്. പ്രവർത്തിയുടെ പൂർത്തീകരണ സമയം ദീർഘിപ്പിക്കുവാനായി കൺവീനർ അപേക്ഷിക്കുകയോ കാലയളവ് ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ കാലവിളംബത്തിന് (19 ആഴ്ച, 17.4.2014 മുതൽ 30.8.14 വരെ) ഒരാഴ്ച്ക്ക് 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതെ കരാറുകാരനു മുഴുവൻ തുകയും നൽകിയതിനാൽ 2323/- അധികമായി ചെലവായി (പി.എ.സി 1222470x0.19%) ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എഗ്രീഡ് പി.എ.സി -- 1222470 ബിൽ നം-07/13-14/30.01.14 Rs-279637/-,

14/13-14/27.03.14 Rs-245415/-

16/13-14/31.03.14 Rs-151827/-

02/14-15/17.10.14 Rs-465219/-

ചെക്ക് നം-1432430 /18.10.14 Rs.80372/-

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)2015-16ലെ വാർഷിക കണക്ക് പ്രകാരം ഇ.എം.എസ് വായ്പാ ഇനത്തിൽ തിരിച്ചടക്കുവാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ അനുസരിച്ച് 61,39,010 രൂപയാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്ക് പൂച്ചാക്കൽ ശാഖയിലെ അക്കൗണ്ട് പ്രകാരം 31.3.2016ൽ തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പ 61,86,260 രൂപയാണ്. യഥാർത്ഥത്തിൽ തിരിച്ചടക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയും അക്കൗണ്ട്സ് പ്രകാരമുള്ള തുകയും തമ്മിൽ 47250 രൂപയുടെ വ്യത്യാസം നിലനിന്നിരുന്നു. ആയത് ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് പരിഹരിച്ചിട്ടുണ്ട്.

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

## 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2014-15

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3089890 | 4160620 | 7250510 | ഐ.എ.വൈ | 4678356 | 2572154 |
| ജില്ലാ പഞ്ചായത്ത് | 3454713 | 11670624 | 15125337 | ഐ.എ.വൈ | 8575998 | 6549339 |

2015-16

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2572154 | 6005875 | 8578029 | ഐ.എ.വൈ | 3140005 | 5438024 |
| ജില്ലാ പഞ്ചായത്ത് | 6549339 | 4823500 | 11372839 | ഐ.എ.വൈ | 5660899 | 5711940 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ നീട്ടൽ | ഡി.ഡി.-662773/22.7.15 | 201000 | 00 | 201000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 10869/10/ 15.3.2010 | 10872525 | 7123513 | 937253 | 00 | 6186260 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8. സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് 2014-15 | 98722750 |
| 2015-16 | 105357882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് 2014-15 | 96641335 |
| 2015-16 | 87424504 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18706/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,72,250/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-8 | | 4750/- | ജിനേഷ്.കെ.ബി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 11,633/- | ജിനേഷ്.കെ.ബി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | | 2323/- | സുരേഷ് കുമാർ.എസ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 18706 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 340000 | ശ്രീമതി.ആർ.രജതമ്മ,സി.ഡി.പി.ഒ |
| 3-2 | 201000<br>(+പലിശ) | ശ്രീമതി.ശ്രീദേവി കെ.നമ്പൂതിരി,<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-6 | 431250 | ശ്രീ.വി.രാജേഷ്, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 972250 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീദേവി. കെ. നമ്പൂതിരി<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ഹരിശ്രീ,തൈക്കാട്ടുശ്ശേരി പി.ഒ ചേർത്തല |
| ആർ.രജതമ്മ<br>സി.ഡി.പി.ഒ | സസ്പെൻഷനിൽ | പാക്കളിൽ,വണ്ടാനം പി.ഒ റ്റി.ഡി.എം.സി ആലപ്പുഴ |

| | | |
|---|---|---|
| സുരേഷ് കുമാർ.എസ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,തിരുവനന്തപുരം നഗരസഭ | അമ്പിളി ഭവൻ അത്താഴമംഗലം പി.ഒ നെയ്യാറ്റിൻകര |
| ജിനേഷ്.കെ.ബി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,തിരുവനന്തപുരം നഗരസഭ | കോട്ടപ്പള്ളി ഹൗസ് , പറയകാട് പി.ഒ, തുറവൂർ |
| വി.രാജേഷ്<br>പട്ടികജാതി വികസന ഓഫീസർ | ജൂനിയർ സൂപ്രണ്ട് ജില്ലാ പട്ടികജാതി വികസന ഓഫീസ്, ആലപ്പുഴ | വെളിയിൽ വീട്<br>തോണ്ടൻകുളങ്ങര, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബിപി.225/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.10.03.17

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP.225/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 10.03.2017

Phone:0477-2252753

e-mail: ddhglfalpy@gmail.com

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Thycattussery Block Panchayat in Alappuzha District for the year 2014-15, 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Thycattussery Block Panchayat for the year 2014-15, 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Alappuzha.